നല്ല ഹോസ്പിറ്റലാണ് പക്ഷേ ആ ആശുപത്രിയിലാണ് വൃക്കമാറ്റൽ ശസ്ത്രക്രിയയിൽ ഏറ്റവുമധികം അവിഹിതമായ നടപടികൾ നടന്നത്. അവിടെയുള്ള ഒരു ഡോക്ടർ തന്നെയാണ് അതിന് ഇടനിലക്കാരനായി നിന്നതെന്ന് മുഹമ്മദ് യാസീന്റെ റിപ്പോർട്ടിലുണ്ട്. ബഹുമാനപ്പെട്ട കോഴിക്കോട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കേസ് വന്നപ്പോൾ മുഹമ്മദ് യാസിന്റെ റിപ്പോർട്ട് കോടതിയിൽ വരുത്തി. പക്ഷേ ആ റിപ്പോർട്ട് ഹെൽത്ത് സെക്രട്ടറി കൊടുത്തത് എങ്ങനെയാണെന്നറിയാമോ? സീൽഡ്കവറിലാണ് കൊടുത്തത്. അത് മജിസ്ട്രേട്ടല്ലാതെ വേറെ ആരും കാണാൻ പാടില്ല, അത് കോടതിയിൽ പരസ്യപ്പെടുത്താൻ പാടില്ല എന്നുപറഞ്ഞ് സീൽഡ്കവറിലാണ് മജിസ്ട്രേട്ട് കോടതിയിൽ ഹെൽത്ത് സെക്രട്ടറി റിപ്പോർട്ട് കൊടുത്തിരുന്നത്. ആ റിപ്പോർട്ട് സഭയിൽ വച്ചുവെന്നുപറയുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർബന്ധമായും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? എന്തുകൊണ്ടാണ് അതിന് വൈമനസ്യം കാണിക്കുന്നത്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അത് ഞാൻ നേരത്തേ പറഞ്ഞതാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.എം.ഇ. കോഴിക്കോട് ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. അത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല.

മി. സ്പീക്കർ: ചോദ്യം നമ്പർ *270

ഹോം നേഴ്സുമാരുടെ പേരുവിവരം പോലീസ് സ്റ്റേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തൽ

3 [* 270] ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. സുധാകരൻ:
,, കെ. അച്ചുതൻ:
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോം നേഴ്സ്, വീട്ടുവേലക്കാർ മുതലായവരെ നൽകുന്ന സ്ഥാപനങ്ങളുടെമേൽ ഗവൺമെന്റിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സ്ഥാപനങ്ങൾ എത്തിച്ചു കൊടുക്കുന്ന ആളുകൾ പലവിധത്തിലുള്ള ക്രിമിനൽ കുറ്റങ്ങൾ നടത്തിയശേഷം അപ്രത്യക്ഷമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹോം നേഴ്സായും വീട്ടുജോലിക്കാരിയായും, ബന്ധപ്പെട്ട സ്ഥാപനത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നവരുടെ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ നൽകുവാൻവേണ്ട വ്യവസ്ഥയുണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, (എ) ഹോം നേഴ്സുമാരുടെ സേവനം തരപ്പെടുത്തിക്കൊടുക്കുന്ന ഏജൻസികളെ നിയന്ത്രിക്കുന്നതിനും ഹോം നേഴ്സുമാർ കബളിപ്പിക്കപ്പെടാതിരിക്കുന്നതിനും അവരിൽനിന്നുമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും മറ്റുമായി അവരുടെ ഫോട്ടോ, മേൽവിലാസം മുതലായവ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുന്നതിന് ദക്ഷിണമേഖലയിലെ പോലീസ് അധികാരികൾക്ക് മേഖലാ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സമ്പ്രദായം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാനും വീട്ടുവേലക്കാരെ നൽകുന്ന സ്ഥാപനങ്ങളിൽക്കൂടി ഇത് ബാധകമാക്കാനും നിർദ്ദേശം നൽകുന്നുണ്ട്.

(ബി) ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉത്തരം എ-ക്ക് മറുപടിയായി നൽകിയിട്ടുണ്ട്.

ശ്രീമതി രാധാരാഘവൻ: സർ, ഹോം നേഴ്സുമാരേയും വീട്ടുജോലിക്കാരേയും നൽകുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുവാനും ലൈസൻസ് ഏടുക്കുവാനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, അതിനുള്ള സർക്കുലറാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ പരമാവധി ശേഖരിക്കുക. ഫോട്ടോ ഐഡന്റിറ്റി കാർഡും മറ്റും ഉപയോഗിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കുറച്ചു കുറവു വരുത്താൻ സാധിക്കും. ഇപ്പോൾത്തന്നെ ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനു കേസ് എടുത്തിട്ടുണ്ട്. ഇതുവരെയുണ്ടായിട്ടുള്ള കേസുകളുടെ സ്വഭാവം പരിശോധിച്ചിട്ടാണ് ചില നിയന്ത്രണങ്ങൾ ഇക്കാര്യത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി തീരുമാനിച്ചതും അതനുസരിച്ച് നിർദ്ദേശം കൊടുത്തതും.

ശ്രീമതി രാധാരാഘവൻ: നമ്മുടെ സംസ്ഥാനത്തും ജില്ലകളിലും ആദിവാസികളേയും പാവപ്പെട്ട കുട്ടികളേയും വീട്ടുജോലിക്കു നിർത്തുന്നതു കർശനമായി തടയാൻ വേണ്ടി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: ബാലവേല നിരോധിക്കുന്നതിനു നിയമമുണ്ട്. അവർ സ്വമനസ്സാലേ ജോലിയെടുക്കുന്നുവെങ്കിൽ അതു നിരോധിക്കാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ ജോലിക്കു കൊണ്ടുപോകുന്നവരെ ചൂഷണം ചെയ്യുന്ന നടപടികൾ നടക്കാതിരിക്കുന്നതിനും അങ്ങനെ പോകുന്നവർ കുറ്റകൃത്യങ്ങൾ ചെയ്യുന്നത് തടയുന്നതിനും സ്വീകരിക്കാവുന്ന കരുതൽ നടപടികളൊക്കെ സ്വീകരിക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly